LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതി

115 (119) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതികളുടെ ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം അദാനി പോർട്സിന്റെ പ്രതിനിധികളും സംസ്ഥാനത്തിന്റെ പ്രതിനിധികളും സംസ്ഥാനത്തിന് പുറത്തുവച്ച് ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥലങ്ങളിൽ വച്ച് ചർച്ച നടത്തുകയുണ്ടായി ; വിശദമാക്കാമോ ;

(ബി) ടെണ്ടറിൽ അദാനി പോർട്സിന്റെ ക്വാട്ട് ലഭിച്ചത് ഏത് തീയതിയിലാണ് ; അതിന് മുൻപും ശേഷവും മുഖ്യമന്ത്രിയോ ഇറമുഖ വകുപ്പ് മന്ത്രിയോ, അന്നത്തെ ചീഫ് സെക്രട്ടറിയോ, സംസ്ഥാനത്തും സംസ്ഥാനത്തിന് പുറത്തും വച്ച് എത്ര തവണ അദാനി പോർട്സ് പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

(സി) വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് ഇന്ത്യയ്ക്ക് പുറത്തുവച്ച് നടന്ന ചർച്ചകൾ എന്നൊക്കെയായിരുന്നുവെന്നും ആരൊക്കെ പങ്കെടുക്കുകയുണ്ടായി എന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം അദാനി പോർട്സിന്റെ പ്രതിനിധികളുമായി മാത്രം ഒരു ചർച്ചയും നടത്തിയിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ യോഗ്യത നേടിയവരിൽനിന്നും രണ്ടാം ഘട്ടത്തിനായുള്ള റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) വാങ്ങിയതും പ്രീ-ബിഡ് മീറ്റിംഗിൽ പങ്കെടുക്കുവാൻ അർഹത നേടിയതുമായ കമ്പനികളുമായി ചുവടെ പറയുന്ന നാല് പ്രീ-ബിഡ് മീറ്റിംഗുകൾ നടന്നു:

പ്രീ-ബിഡ് മീറ്റിംഗ്	തീയതി	സ്ഥലം	പങ്കെടുത്ത കമ്പനികൾ
I	21st May, 2014	ഡൽഹി	Essar Ports Ltd, SREI-OHL Consortium, Adani Ports & Special Economic Zone Ltd.
II	14th July, 2014	മുംബൈ	SREI-OHL Consortium, Adani Ports & Special Economic Zone Ltd.
III	17th November, 2014	മുംബൈ	Adani Ports & Special Economic Zone Ltd.
IV	9th March, 2015	മുംബൈ	SREI-OHL Consortium, Adani Ports & Special Economic Zone Ltd.

(ബി) ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയായി നിശ്ചയിച്ചിരുന്ന 2015 ഏപ്രിൽ മാസം 24-ാം തീയതിയാണ് അദാനി പോർട്സ് ബിഡ്ഡ് സമർപ്പിച്ചത്. ബോംബെ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടെണ്ടറിന്റെ ഭാഗമായി നടന്ന പ്രീ-ബിഡ് മീറ്റിംഗുകളിലും ടെക്നിക്കൽ, ഫിനാൻഷ്യൽ, ലീഗൽ മീറ്റിംഗുകളിലും ഒന്നംതന്നെ മുഖ്യമന്ത്രി, ഇറമുഖ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ പങ്കെടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Ltd-ന്റെ ചെയർമാനുമായി അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം ഇറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (ഇറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, ഇറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, ഇറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(സി) വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് ഇന്ത്യക്ക് പുറത്തുവച്ച് ഇതുവരെ ഒരു ചർച്ചയും നടന്നിട്ടില്ല.

തീരദേശ റോഡ് പുനരുദ്ധാരണം

116. (120) <u>ശ്രീ. കെ. ദാസൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് തീരദേശ റോഡുകളുടെ പുനഃരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി നവീകരിക്കുന്നതിനായി, കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി ഹാർബർ എൻജിനീയറിംഗ് ചീഫ് എൻജിനീയറുടെ ഓഫീസിൽനിന്നും മത്സ്യബന്ധന ഇറമുഖ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു എന്നത് റോഡുകളുടെ പേര്, എസ്റ്റിമേറ്റ് തുക, ഹാർബർ എൻജിനീയറിംഗ് ചീഫ് എൻജിനീയറുടെ ഓഫീസിലെ ഫയൽ നമ്പർ എന്നിവ സഹിതം എസ്റ്റിമേറ്റുകൾ സമർപ്പിച്ച വർഷം തിരിച്ച് വിശദമായി വ്യക്തമാക്കാമോ ; സമ്പൂർണ്ണ പട്ടിക ലഭ്യമാക്കാമോ ;

(ബി) മത്സ്യബന്ധന വകുപ്പിൽ സമർപ്പിക്കപ്പെട്ട പ്രസ്തുത എസ്റ്റിമേറ്റുകളിൽ ഓരോ വർഷവും സർക്കാർ പരിഗണിച്ചിട്ടുള്ള റോഡുകൾ ഏതെല്ലാം ; ഏതിനെല്ലാം എ.എസ്. നൽകിയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ ;

(സി) ഇതിൽ പരിഗണിക്കാതെപോയ റോഡുകൾ ഏതെല്ലാമെന്നും അവ എപ്പോൾ എ.എസിന് പരിഗണിക്കുമെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly